I/77608/2022

## ജില്ലാ ടൗൺ പ്ലാനറുടെ നടപടിക്രമം

വിഷയം: കൊല്ലം കോർപറേഷനിൽ വടക്കേവിള വില്ലേജിൽ റീ സർവേ നമ്പർ 377/24/2, 377/31 /2, 377/8/2, 377/9, 377/9/2/2, 377/9/2/3, 377/9/2/4, 377/9/3, 377/9/3/2, 377/9/3/3 377/9/4, 377/9/5, 377/9/6, 377/9/7/2, 377/9/7/3, 377/18, 376/1-3, 378/6-2, 377/3, 377/3-6, 378/3-2-2, 378/5-1-2, 378/5-2-2-1, 378/3-2-1, 378/3, 375/2, 379/37, 378/8, 378/7 ൽ ഉൾപ്പെട്ട 1 ഹെക്ടർ, 43 ആർ 63.35 ച.മീ സ്ഥലത്ത് 10225.1 ച.മീ വിസ്തൃതിയിൽ നിലവിലുള്ള ഹോസ്പിറ്റൽ കെട്ടിടത്തോടും 80.60 ച.മീ വിസ്തൃതിയുള്ള കാന്റീൻ കെട്ടിടത്തോടും ചേർത്ത് 323.35 ച.മീ വിസ്തൃതിയുള്ള അനുബന്ധ കെട്ടിടങ്ങൾക്കും ഫസ്റ്റ് ഫ്ലോർ, സെക്കന്റ് ഫ്ലോർ ,തേർഡ് ഫ്ലോർ എന്നിവയിലായി 2728.81 ച.മീ വിസ്തൃതിയിലുള്ള സ്റ്റാഫ് അക്കോമഡേഷൻ നിർമ്മാണവും കൂടി ആകെ വിസ്തൃതി (13357.86 ചാമീ) നിർമ്മാണത്തിനുള്ള ലേ ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: ഡോ.എൻ.പ്രതാപ്കുമാർ,സംഭവി,ആശ്രാമം,കൊല്ലം സമർപ്പിച്ച 28-11-2022 ലെ അപേക്ഷ.

---

**ഉത്തരവ് നമ്പർ TCPKLM/538/2022/C തീയതി 02-12-2022**

---

കൊല്ലം കോർപറേഷനിൽ വടക്കേവിള വില്ലേജിൽ റീ സർവേ നമ്പർ 377/24/2, 377/31 /2, 377/8/2, 377/9, 377/9/2/2, 377/9/2/3, 377/9/2/4, 377/9/3, 377/9/3/2, 377/9/3/3 377/9/4, 377/9/5, 377/9/6, 377/9/7/2, 377/9/7/3, 377/18, 376/1-3, 378/6-2, 377/3, 377/3-6, 378/3-2-2, 378/5-1-2, 378/5-2-2-1, 378/3-2-1, 378/3, 375/2, 379/37, 378/8, 378/7 ൽ ഉൾപ്പെട്ട 1 ഹെക്ടർ, 43 ആർ 63.35 ച.മീ സ്ഥലത്ത് 10225.1 ച.മീ വിസ്തൃതിയിൽ നിലവിലുള്ള ഹോസ്പിറ്റൽ കെട്ടിടത്തോടും 80.60 ച.മീ വിസ്തൃതിയുള്ള കാന്റീൻ കെട്ടിടത്തോടും ചേർത്ത് 323.35 ച.മീ വിസ്തൃതിയുള്ള അനുബന്ധ കെട്ടിടങ്ങൾക്കും ഫസ്റ്റ് ഫ്ലോർ, സെക്കന്റ് ഫ്ലോർ ,തേർഡ് ഫ്ലോർ എന്നിവയിലായി 2728.81 ച.മീ വിസ്തൃതിയിലുള്ള സ്റ്റാഫ് അക്കോമഡേഷൻ നിർമ്മാണവും കൂടി ആകെ വിസ്തൃതി (13357.86 ചാമീ) നിർമ്മിക്കുന്നതിന് ഡോക്ടർ പ്രതാപ്കുമാർ, സംഭവി, ആശ്രാമം പി ഓ, കൊല്ലം സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ KMBR-2019-നും താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ:**

I/77608/2022

1. നിർമ്മാണം കെ.എം.ബി.ആർ. 2019 നും അനുബന്ധഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.
2. കെ.എം.ബി.ആർ 2019 ലെ ചട്ടം 9(2) പ്രകാരം നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലായെന്ന് സെക്രട്ടറി ഉറപ്പാക്കണം.
3. മറ്റു വകുപ്പുകൾ/ ഏജൻസികൾ എന്നിവയിൽ നിന്നും ആവശ്യമായ NOC കൾ ലഭ്യമാക്കേണ്ടതാണ്.
4. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ലായെന്നും 2008 ലെ നെൽവയൽ തണ്ണീർത്തടനിയമം/ അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്നും സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
5. നിർദ്ദിഷ്ട ലേ-ഔട്ടിൽ, പരിസരവാസികൾക്ക് ദോഷമുണ്ടാകാത്ത വിധത്തിൽ, ഡ്രെയിനേജിനുള്ള (മഴവെള്ളം /മലിനജലം) സൗകര്യം നല്കിയിരിയ്ക്കണം.
6. നിർമ്മാണം കെ.എം.ബി.ആർ 2019 ചട്ടം 79 ന് അനുസൃതമായി മാലിന്യനിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
7. ചട്ടം അനുസരിച്ച ആവശ്യമായ പാർക്കിങ് (വാഹനങ്ങൾ തിരിക്കാനും മറ്റും ആവശ്യമായ സ്ഥലം ഉൾപ്പെടെ) പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിങ്ങിനായി മാറ്റിവച്ചിട്ടുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
8. നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെ/ സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിന്റെ സുരക്ഷയെ ബാധിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
9. കെ.എം.ബി.ആർ 2019 ചട്ടം 42 പ്രകാരം വിഭിന്ന ശേഷിക്കാർ, മുതിർന്നവർ കുട്ടികൾ എന്നിവർക്കായുള്ള സൗകര്യങ്ങൾ കെട്ടിടത്തിൽ നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
10. പ്രസ്തുത നിർമ്മാണം, ഉപയോഗം എന്നിവ പ്ലോട്ടിനോട് ചേർന്നുള്ള ജലസ്രോതസ്സിനെ കൈയ്യേറുന്നില്ലെന്നും മലിനപ്പെടുത്തുന്നില്ലെന്നും ഉറപ്പ വരുത്തേണ്ടതാണ്.
11. ആശുപത്രി കെട്ടിടത്തിന്റെ അംഗീകൃതമല്ലാത്ത കെട്ടിട ഭാഗങ്ങളും കെട്ടിട നമ്പർ രേഖപ്പെടുത്താത്ത അനുബന്ധ നിർമ്മാണങ്ങളും ക്രമവൽകരിച്ചതിനു ശേഷം മാത്രമേ പുതിയ നിർമ്മാണത്തിന് പെർമിറ്റ് നൽകാവൂ.
12. സൈറ്റ് പ്ലാനില് പൊളിച്ച് നീക്കാനുള്ളത് എന്ന് രേഖപ്പെടുത്തിയിട്ടുള്ള നിര്മ്മാണങ്ങള് പൊളിച്ച് നീക്കേണ്ടതാണ്. 2019 കൂടാതെ കെ.എം.ബി.ആർ ചട്ടം 79(A) പ്രകാരം കെട്ടിട നിർമ്മാണ സമയത്തോ, നിലവിലുള്ള നിർമ്മാണം പൊളിച്ചു മാറ്റേണ്ടി വരുമ്പോഴോ ഉണ്ടാകുന്ന മാലിന്യങ്ങൾ(waste) 2016 ലെ construction and demolition of waste management rule പ്രകാരം സുരക്ഷിതമായി ഡിസ്പോസ് ചെയ്യുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.
13. ഫയർ എസ്കേപ്പ് സ്റ്റെയർ കെ.എം.ബി.ആർ ചട്ടം 35(2) പ്രകാരം നൽകുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.
14. അധ്യായം XVII ലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിചിട്ടുണ്ടെന്നു സെക്രട്ടറി ഉറപ്പ വരുത്തേണ്ടതാണ്.
15. ആശുപത്രി ഉപയോഗത്തിനായുള്ള കെട്ടിട ഭാഗത്തിൻറ്റെ ആകെ വിസ്തൃതി മുൻ ലേ ഔട്ട്

I/77608/2022

അനുമതി പ്രകാരമുള്ള 10294.00 ച. മീറ്ററിലും പ്ലോട്ടിൽ നിലവിലുള്ളതും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതുമായ കെട്ടിടങ്ങൾ ഉൾപ്പെടെ FAR 1.00 യിലും കവറേജ് 0.3 യിലും അധികരിക്കുന്നില്ലെന്നു സെക്രട്ടറി ഉറപ്പ് വരുത്തണം

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന/ക്രമവത്കരണ അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

<u>52/2022 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ ഇതോടൊപ്പം അയയ്ക്കുന്നു.</u>

ഉള്ളടക്കം : പ്ലാൻ ഒരു സെറ്റ്

Signed by
Shary M V TOWN PLANNER
Date: 02-12-2022 17:09:23

ഡോ.എൻ.പ്രതാപ് കുമാർ,
സംഭവി,
ആശ്രാമം,കൊല്ലം.

പകർപ്പ്: സെക്രട്ടറി,
കൊല്ലം കോർപ്പറേഷൻ